"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സാമൂഹ്യനീതി വകുപ്പിൽ എറണാകുളം ജില്ലയിലെ ഗവൺമെന്റ് വൃദ്ധസദനത്തിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 ശ്രീമതി അശ്വതി. വി.-യ്ക്ക് ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ സ്ഥാനകയറ്റം നൽകി പുനർനിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.118/2026/SJD തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-

1. 12.12.2024-ലെ സ. ഉ. (സാധാ) നമ്പർ. 258/2024/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. 24.02.2026--ലെ സ. ഉ. (സാധാ) നമ്പർ. 61/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
3. 20.04.2026-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ. 1430 ആയി പ്രസിദ്ധീകരിച്ച 17.04.2026-ലെ സ. ഉ. (അച്ചടി) നമ്പർ. 9/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
4. 13.05.2026-ലെ സ. ഉ. (സാധാ) നമ്പർ. 108/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.05.2026-ലെ എസ്.ജെ.ഡി./1754/2026-ഇ.1. നമ്പർ. കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിൽ കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഭിന്നശേഷിസദനത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സിദ്ധിഖ് ചുണ്ടക്കാടൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A 1820/2025 നമ്പർ കേസിലെ 27.10.2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ജൂനിയറിന് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയ 14.02.2021 തീയതി പ്രാബല്യത്തിൽ ടിയാന് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്ക് നോഷണലായി ഉദ്യോഗക്കയറ്റം നൽകിയും പരാമർശം 1-പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി അശ്വതി. വി.-യെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ റിവേർട്ട് ചെയ്ത് എറണാകുളം ജില്ലയിലെ ഗവൺമെന്റ് വൃദ്ധസദനത്തിൽ നിയമിച്ച് കൊണ്ടും, തുടർന്നുവന്ന ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് പരാമർശം 3-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ സിദ്ധിഖ് ചുണ്ടക്കാടന് ഉദ്യോഗക്കയറ്റം നൽകിക്കൊണ്ടും പരാമർശം 2, 4 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശ്രീ സിദ്ധിഖ് ചുണ്ടക്കാടൻ 31.05.2026-ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനാൽ, ഒഴിവ് വരുന്ന ആലപ്പുഴ ജില്ലയിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് സൂചന 4 പ്രകാരം റിവേർട്ട് ചെയ്ത ശ്രീമതി അശ്വതി. വി.-യെ സ്ഥാനകയറ്റം നൽകി നിയമിക്കണമെന്ന് പരാമർശം 5-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ 01.06.2026-ന് ഒഴിവ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ, ഒഴിവിന്റെ അഭാവത്താലാണ് ശ്രീമതി അശ്വതി വി. യെ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ നിന്നും റിവേർട്ട് ചെയ്തത് എന്നതിനാൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 7 പ്രകാരം ടിയാൾക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ട്. 2024-ലെ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്കുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി ശ്രീമതി അശ്വതി വി.യ്ക്ക് പരാമർശം 1-പ്രകാരം പ്രൊമോഷൻ അനുവദിച്ചിരുന്ന സാഹചര്യത്തിൽ, പ്രസ്തുത സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 7 പ്രകാരം ശ്രീമതി. അശ്വതി വി -യെ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് പുനർനിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
2. ശ്രീമതി അശ്വതി വി., ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1,
   ഗവൺമെന്റ് വൃദ്ധസദനം,എറണാകുളം
   (ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം,
   തിരുവനന്തപുരം
4. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ ഡിവിഷൻ,
   വിവര പൊതുജന സമ്പർക്ക വകുപ്പ്
   (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 19-06-2026 14:30:23